**A** **502**

# സമഗ്ര ശിക്ഷാ, കേരളം

## അർധവാർഷിക മൂല്യനിർണയം 2019-20

## മലയാളം

## കേരള പാഠാവലി

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദ്യനമ്പരിനൊപ്പം എ, ബി എന്നിങ്ങനെ എഴുതണം.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

**താഴെ കാണുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരം എഴുതുക**

**മഴയിലൂടെ ആകാശം ഭൂമിയെ തൊട്ടു - എന്നെയും**

കാടാകെ പൊഴിഞ്ഞുകിടന്ന ഇലകൾക്കിടയിൽ നിന്നും ചെറുപ്രാണികൾ ഒന്നാകെ മഴക്കാഴ്ച കാണാനും മഴയിൽ അലിയാനും വൃക്ഷങ്ങൾക്കിടയിലൂടെ ഉയർന്നുപൊങ്ങി. പൊടുന്നനെ ചില കാട്ടുപൂക്കളുടെ സൗരഭ്യം അവിടമാകെ പരന്നു. താഴെ എത്തുന്ന മഴയെ പൊഴിഞ്ഞു കിടക്കുന്ന ഇലകൾ അവയ്ക്കിടയിൽ ഒളിപ്പിച്ചു. പിന്നെയാണ് ഇലകൾ യാത്ര ആരംഭിച്ചത്. അവ ഒഴുകുകയായിരുന്നു. വൃക്ഷവേരുകൾക്കിടയിലൂടെയും എന്റെ പാദങ്ങൾക്കരികിലൂടെയും അവ താഴ്‌വാരങ്ങളെ തേടിപ്പോയി. ചില ചെറുപ്രാണികളും ഉറുമ്പുകളും ഒഴുകുന്ന ഇലകളിൽ തപസ്സിരുന്നു.

(കാടേത് കടുവയേത് ഞാനേത് ) (എൻ.എ. നസീർ)

1. താഴ്‌വാരങ്ങളെ തേടിപ്പോയത് ആരാണെന്നാണ് ലേഖകൻ പറയുന്നത് ?

   (എ) മഴ (ബി) ഇലകൾ (സി) പൂക്കൾ

2. ഇലകളിൽ തപസ്സിരുന്നതാര് ?

   (എ) ചെറുപ്രാണികളും ഉറുമ്പുകളും (ബി) പൂക്കൾ (സി) മഴ

3. മഴ എന്നെയും തൊട്ടു എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത് ?

   (എ) മഴ നനഞ്ഞു (ബി) മഴ വന്നു (സി) മഴ കണ്ടു

4. ഇലയും മഴയും തമ്മിലുള്ള സ്നേഹത്തെ സൂചിപ്പിക്കുന്ന വരിയേത് ?

   (എ) ഇലകൾ യാത്രയാരംഭിച്ചു

   (ബി) ഇലകളിൽ തപസ്സിരുന്നു

   (സി) ഇലകൾക്കടിയിൽ മഴയെ ഒളിപ്പിച്ചു

5. 'സൗരഭ്യം' എന്ന പദത്തിന്റെ അർഥം

   (എ) മണം (ബി) നിറം (സി) സൗന്ദര്യം

**പ്രവർത്തനം 2 കത്ത് തയാറാക്കാം**

**ചെരിപ്പുകൾ കാരണം കാസിമിന് ഒരുപാട് വിപത്തുകൾ വന്നുകൂടി. എല്ലാം സഹിച്ചുകഴിഞ്ഞ അയാൾ ഒടുവിൽ ന്യായാധിപനു മുന്നിൽ ചെരുപ്പുകൾ സമർപ്പിച്ച് ഓടി രക്ഷപ്പെട്ടു. ഏറെ നാളുകൾക്ക് ശേഷം കാസിം ന്യായാധിപന് ഒരു കത്തെഴുതുകയുണ്ടായി.**

**കാസിം എഴുതിയ കത്ത് തയാറാക്കുക.**

**പ്രവർത്തനം 3 അഭിമുഖ ചോദ്യാവലി**

രോഗത്തെ മറികടക്കാൻ ചികിത്സയ്ക്കൊപ്പം ചിരിയെ പിൻബലമാക്കിയ പ്രശസ്ത സിനിമാനടൻ **ഇന്നസെന്റുമായി** നമുക്ക് ഒരു അഭിമുഖം നടത്താം. അദ്ദേഹത്തിന്റെ അനുഭവക്കുറിപ്പ് നിങ്ങളുടെ മനസ്സിലുണ്ടാക്കിയ ചിന്തകളിൽ നിന്നും ഏതാനും ചോദ്യങ്ങൾ തയാറാക്കൂ. (അഞ്ച് ചോദ്യമെങ്കിലും തയാറാക്കുക.)

**പ്രവർത്തനം 4 കഥ രചന**

നമ്മുടെ നാട്ടിലെ ഒരു കർഷകന്റെ ചിത്രമാണു താഴെ.



ഈ ചിത്രം നിങ്ങളുടെ മനസ്സിൽ ഉണർത്തിയ ചിന്തകളും വൃദ്ധകർഷകന്റെയും കുട്ടിയുടെയും ചിന്തകളും ഉൾപ്പെടുത്തി ഒരു കൊച്ചുകഥ തയാറാക്കൂ. തലക്കെട്ടും നൽകുമല്ലോ ?

**പ്രവർത്തനം 5 അനുഭവക്കുറിപ്പ്**

ജീവികളുടെ പരസ്പര സ്നേഹത്തെക്കുറിച്ച് **മയിൽപ്പീലി സ്പർശം** എന്ന പാഠത്തിൽ നാം മനസ്സിലാക്കി. അപ്പുവിന്റെ ഡയറിയിൽ ഇങ്ങനെ പറയുന്നു.

'എന്റെ മുഖമൊന്നു വാടിയാൽ കുറിഞ്ഞിപ്പൂച്ചക്കറിയാം

അവളെന്നെ കാലിൽ തഴുകി ആശ്വസിപ്പിക്കും'

വളർത്തുമൃഗങ്ങളുമായി ബന്ധപ്പെട്ട് നിങ്ങൾക്കുമില്ലേ അനുഭവങ്ങൾ ? അനുഭവക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 6 തലക്കെട്ടിന്റെ പ്രത്യേകത കണ്ടെത്തൽ**

**'ക്യാൻസർ വാർഡിലെ ചിരി'** എന്ന ആത്മകഥാഭാഗം നിങ്ങൾ പരിചയപ്പെട്ടിരുന്നല്ലോ. ഈ തലക്കെട്ട് എത്രത്തോളം അനുയോജ്യമാണെന്ന് വിശകലനം ചെയ്ത് ഒരു കുറിപ്പ് തയാറാക്കുക.